**തിരുവനന്തപുരംവ്യവസായവാണിജ്യഡയറക്ടറേറ്റിലെ**
**സീനിയർഅഡ്മിനിസ്ട്രേറ്റീവ്ഓഫീസറുടെനടപടിക്രമം**
**(അവതരണം : RADHAKRISHNAN P)**

നം. DIC/16195/2018-EA1

തീയതി : 23-09-2022

വിഷയം:- വ്യവസായം - ജീവനക്കാര്യം - തസ്തികമാറ്റം വഴി ഓഫീസ് അറ്റെൻഡന്റ് തസ്തികയിൽ നിന്നും എൽ. ഡി. ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നത് സംബന്ധിച്ച്.

പരാമർശം:-
1. സർക്കാർ ഉത്തരവ് (പി) നം. 01/14 തീയതി. 03/04/2014
2. സർക്കാർ ഉത്തരവ് (സാധ) നം. 201/2019/വ്യവ. തീയതി. 26/02/2019
3. സർക്കാരിൽ നിന്നുള്ള 23/09/2020 തീയതിയിലെ എ2/85/2020/വ്യവ നമ്പർ കത്ത്.
4. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ (i/c) 02.07.2022 ലെ DIC/401/2021-EA1 നമ്പർ ഉത്തരവ്.
5. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 19.09.2022 ലെ DIC/401/2021-EA1 നമ്പർ ഉത്തരവ്.
6. ഓഫീസ് അറ്റെൻഡന്റ്, ഡ്രൈവർ മറ്റു വിഭാഗക്കാരുടെ 01/01/1982 മുതൽ 31/12/2012 വരെയുള്ള സംയോജിത സീനിയോരിറ്റി ലിസ്റ്റ്.

പരാമർശം (1) പ്രകാരം വിവിധ സർക്കാർ വകുപ്പുകളിൽ എൽ. ഡി. ക്ലാർക്ക് / എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന 10 ശതമാനം ഒഴിവിലേക്ക് അതാതു വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് വിഭാഗം ജീവനക്കാർക്കും സബ് ഓർഡിനേറ്റ് സർവീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും ( എൽ. ഡി. ക്ലാർക്ക് / എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളുടെ ശമ്പളത്തേക്കാൾ താഴ്ന്ന ശമ്പള സ്കെയിൽ ഉള്ളവർ ) യോഗ്യതയുടെയും സീനിയോരിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തികമാറ്റം വഴി നിയമനം നൽകുന്നതിനു ഉത്തരവായിരുന്നു. ഇങ്ങനെ ക്ലറിക്കൽ തസ്തികയിൽ സ്ഥാനക്കയറ്റം ലഭിച്ച ശ്രീ. കബീർ എം. യു, ഏബിൾ. സി. വർഗ്ഗീസ്, ശ്രീമതി. ഉദയ പ്രഭ. വി, ശ്രീ.സതീഷ് ചന്ദ്രൻ. എസ്, ശ്രീ. ജയൻ തവനൂർ, ശ്രീമതി. മായ മോൾ എ .ആർ എന്നിവർക്ക് സൂചന (4), (5) എന്നിവ പ്രകാരം സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിച്ചതിനാൽ പരാമർശം (6) പ്രകാരമുള്ള ഓഫീസ് അറ്റെൻഡന്റ്, ഡ്രൈവർ മറ്റു വിഭാഗക്കാരുടെ 01/01/1982 മുതൽ 31/12/2012 വരെയുള്ള സംയോജിത സീനിയോരിറ്റി ലിസ്റ്റിലെ അടുത്ത സ്ഥാനക്കയറ്റത്തിനു അർഹരായ ശ്രീ. കെ. ഷൺമുഖൻ, ശ്രീ. സിബിമോൻ. ആർ, ശ്രീ. അജിത്. ബി, ശ്രീ. പി, പദ്മകുമാർ, ശ്രീ. കെ. ജെ. വിൻസെന്റ്, ശ്രീ.രഞ്ചു സി. റ്റി. എന്നിവർക്ക് ക്ലാർക്കായി സ്ഥാനക്കയറ്റം നൽകേണ്ടതായുണ്ട്.

**ഉത്തരവ്**

മേൽ സൂചിപ്പിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ വ്യവസായ വാണിജ്യ വകുപ്പിൽ സബോർഡിനേറ്റ് സർവീസിൽ ഉൾപ്പെട്ട ഓഫീസ് അറ്റെൻഡന്റ്റ് തസ്തികയിലെ ഉദ്യോഗസ്ഥരെ യോഗ്യതയുടെയും, സീനിയോരിറ്റിയുടെയും, ഒഴിവിന്റെയും അടിസ്ഥാനത്തിൽ എൽ. ഡി. ക്ലാർക്ക് തസ്തികയിൽ 26,500-60,700/- രൂപ ശമ്പള നിരക്കിൽ തസ്തികമാറ്റം മുഖേന താഴെ പറയും പ്രകാരം സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

| സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നം. | പേരും നിലവിൽ ജോലി ചെയ്യുന്ന ഓഫീസ് | സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന ഓഫീസ് |
|---|---|---|
| | | |

| | | |
|---|---|---|
| 108 | ശ്രീ.കെ. ഷൺമുഖൻ, ജില്ലാ വ്യവസായ കേന്ദ്രം, ആലപ്പുഴ | പ്രോജെക്റ്റ് ഓഫീസ് (കയർ), ചിറയിൻകീഴ് |
| 109 | ശ്രീ. സിബിമോൻ. ആർ. താലൂക് വ്യവസായ ഓഫീസ് ,അമ്പലപ്പുഴ | ജില്ലാ വ്യവസായ കേന്ദ്രം , എറണാകുളം |
| 110 | ശ്രീ. അജിത്. ബി.താലൂക് വ്യവസായ ഓഫീസ് ,മാവേലിക്കര | പ്രോജെക്റ്റ് ഓഫീസ് (കയർ) ,കായംകുളം |
| 111 | ശ്രീ. പി. പദ്മകുമാർ,താലൂക് വ്യവസായ ഓഫീസ്, കാർത്തികപ്പള്ളി | കയർ ഇൻസ്‌പെക്ടർ ഓഫീസ് ,വർക്കല |
| 112 | ശ്രീ. കെ. ജെ. വിൻസെന്റ്,ജില്ലാ വ്യവസായ കേന്ദ്രം, കണ്ണൂർ | കയർ ഇൻസ്‌പെക്ടർ ഓഫീസ് , നാട്ടിക |
| 113 | ശ്രീ. രഞ്ജു. സി. റ്റി,താലൂക് വ്യവസായ ഓഫീസ്, കാഞ്ഞിരപ്പള്ളി | പ്രോജെക്റ്റ് ഓഫീസ് (കയർ) ,തൃശ്ശൂർ |

തസ്തിക മാറ്റം മുഖേന സ്ഥാനക്കയറ്റം നേടിയ ഉദ്യോഗസ്ഥർ ജോലിയിൽ പ്രവേശിക്കുന്നതിനായി ടി ഉത്തരവ് തീയതി മുതൽ 15 ദിവസത്തിനകം ബന്ധപ്പെട്ട നിയന്ത്രണ ഉദ്യോഗസ്ഥൻ മുമ്പാകെ ഹാജരാകേണ്ടതാണ്. അല്ലാത്ത പക്ഷം മുന്നറിയിപ്പ് കൂടാതെ സീനിയോരിറ്റി ലിസ്റ്റിലെ യോഗ്യതയുള്ള അടുത്ത ഉദ്യോഗസ്ഥനു സ്ഥാനക്കയറ്റം നൽകുന്നതായിരിക്കും. ടി തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന ഉദ്യോഗസ്ഥനു 3 വർഷത്തെ തുടർച്ചയായ സേവനത്തിൽ 2 വർഷം പ്രൊബേഷൻ ആയിരിക്കും. ടി തസ്തികയിൽ ഉത്തരവ് ലഭിച്ച ഒരാഴ്ചക്കുള്ളിൽ റിലീങ്കിഷ് ചെയ്യാനുള്ള അവകാശവും ഉദ്യോഗസ്ഥനു ഉണ്ടായരിക്കുന്നതാണ്.

തസ്തികമാറ്റം മുഖേന ജോലിയിൽ പ്രവേശിക്കുന്ന ഉദ്യോഗസ്ഥൻ വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റ് സഹിതം ബന്ധപ്പെട്ട നിയന്ത്രണാധികാരി മുമ്പാകെ ഹാജരാകേണ്ടതാണ്. നിലവിലെ നിയന്ത്രണാധികാരിയുടെ പരിധിയിൽ നിന്നും വിടുതൽ ചെയ്യുന്നതിനു മുമ്പും പുതിയ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിനു മുമ്പും ടി ഉദ്യോഗസ്ഥർ പരാമർശം (1) പ്രകാരമുള്ള യോഗ്യത നേടിയിട്ടുണ്ടോ എന്ന് ബന്ധപ്പെട്ട നിയന്ത്രണ ഉദ്യോഗസ്ഥർ സർട്ടിഫിക്കറ്റുകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

RADHAKRISHNAN P
SENIOR ADMINISTRATIVE OFFICER

സ്വീകർത്താവ്:- ശ്രീ. കെ. ഷൺമുഖൻ, ജില്ലാ വ്യവസായ കേന്ദ്രം, ആലപ്പുഴ (നിയന്ത്രണാധികാരി മുഖേന)

ശ്രീ. സിബിമോൻ. ആർ, താലൂക് വ്യവസായ ഓഫീസ് ,അമ്പലപ്പുഴ (നിയന്ത്രണാധികാരി മുഖേന)

ശ്രീ. അജിത്. ബി, താലൂക് വ്യവസായ ഓഫീസ് ,മാവേലിക്കര (നിയന്ത്രണാധികാരി മുഖേന)

ശ്രീ. പി. പദ്മകുമാർ , താലൂക് വ്യവസായ ഓഫീസ്, കാർത്തികപ്പള്ളി(നിയന്ത്രണാധികാരി മുഖേന)

ശ്രീ. കെ. ജെ. വിൻസെന്റ്, ജില്ലാ വ്യവസായ കേന്ദ്രം, കണ്ണൂർ (നിയന്ത്രണാധികാരി മുഖേന)

ശ്രീമതി. രഞ്ജു. സി. റ്റി. താലൂക് വ്യവസായ ഓഫീസ്, കാഞ്ഞിരപ്പള്ളി (നിയന്ത്രണാധികാരി മുഖേന)

പകർപ്പ് :- 1. ഡയറക്ടർ, കയർ വികസന ഡയറക്ടറേറ്റ്, തിരുവനന്തപുരം.

2. ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം ,കണ്ണൂർ,എറണാകുളം
3. പ്രൊജക്ട് ഓഫീസർ (കയർ), പ്രൊജക്ട് ഓഫീസ്.,ആലപ്പുഴ,കായംകുളം ,ചിറയിൻകീഴ് ,തൃശ്ശൂർ

ഉത്തരവിൻപ്രകാരം

ജൂനിയർ സൂപ്രണ്ട്